നമ്പർ: **DHS/2964/2024- ED1**

ആരോഗ്യവകുപ്പ് ഡയറക്ടറുടെ
കാര്യാലയം
തിരുവനന്തപുരം,

തീയതി:**12-04-2024**

## നോട്ടീസ്

**വിഷയം:- ആ .വ.ഡ. - ജീവനക്കാര്യം - സീനിയർ ക്ലാർക്ക് തസ്തികയിൽ നിന്നും ക്ലാർക്ക് തസ്തികയിലേക്ക് റിവേർട്ട് ചെയ്യുന്നത് - സംബന്ധിച്ച് -**

**പരാമർശം:- 1)** വിവിധ ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ റിപ്പോർട്ടുകൾ
**2)** സീനിയർ ക്ലാർക്ക് പ്രൊമോഷൻ ഉത്തരവുകൾ

പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപെടുന്ന ജീവനക്കാർക്ക് വകുപ്പ്തല പ്രൊമോഷൻ നേടുന്നതിന് ഡിപ്പാർട്മെന്റ് ടെസ്റ്റ് യോഗ്യത നേടിയിട്ടില്ലങ്കിലും കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ് ഭാഗം **-II** ചട്ടം **13A (1)(a), 13 A (2)** എന്നിവ പ്രകാരം താത്കാലിക പ്രൊമോഷന് അർഹതയുണ്ട്. ടി ജീവനക്കാർ പ്രൊമോഷൻ ടെസ്റ്റ് യോഗ്യത യഥാസമയം നേടിയിരുന്നെങ്കിൽ പ്രൊമോഷൻ ലഭിക്കുമായിരുന്ന തീയതി മുതൽ മൂന്ന് വർഷത്തേക്കാണ് ടെസ്റ്റ് ഇളവിന് അർഹത. എന്നാൽ അപ്രകാരം ടെസ്റ്റ് ഇളവിൽ താൽക്കാലിക പ്രൊമോഷൻ ലഭിക്കുന്ന ജീവനക്കാർ പ്രസ്തുത മൂന്ന് വർഷത്തിനകം പ്രൊമോഷൻ ടെസ്റ്റ് പാസ്സാകാത്ത പക്ഷം അത്തരം ഉദ്യോഗസ്ഥരെ പ്രൊമോഷൻ തസ്തികയിൽ നിന്നും റിവേർട്ട് ചെയ്യണമെന്ന് കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ് ഭാഗം **-II** ചട്ടം **13 A (2)** അനുശാസിക്കുന്നു.

**2.** വിവിധ ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകൾ പ്രകാരം കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ് ഭാഗം **-II** ചട്ടം **13A (1)(a), 13 A (2)** വ്യവസ്ഥകൾക്ക് വിധേയമായി ക്ലാർക്ക് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിൽ താത്കാലിക സ്ഥാനക്കയറ്റം ലഭിച്ച ചുവടെ ചേർത്തിട്ടുള്ള ജീവനക്കാർ നിശ്ചിത കാലയളവിനുള്ളിൽ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സായിട്ടില്ലന്ന് പരാമർശം **(1)** പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

3. മേൽ സാഹചര്യത്തിൽ ടി ജീവനക്കാർക്ക് സീനിയർ ക്ലാർക്ക് തസ്തികയിൽ തുടരുന്നതിന് അർഹതയില്ലാത്തതാണ്. ആയതിനാൽ ചുവടെ ചേർത്തിട്ടുള്ള ജീവനക്കാരെ സീനിയർ ക്ലാർക്ക് തസ്തികയിൽ നിന്നും ക്ലാർക്ക് തസ്തികയിലേക്ക് റിവേർട്ട് ചെയ്യാൻ താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു .

| ക്രമ നം. | പേരും സ്ഥാപനവും | സ്ഥാനക്കയറ്റ ഉത്തരവ് |
|---|---|---|
| 1. | ശ്രീ. ബാബു കെ.കെ.<br>T.H പിറവം. എറണാകുളം | ED1/03/2014/DHS,<br>Dtd:06/01/2014 |
| 2. | ശ്രീ. രാജേഷ് പി. ഉത്തമൻ<br>എഫ്.എച്ച്.സി. കന്നുകര, എറണാകുളം. | ED1/03/2013/DHS,<br>Dtd:29/06/2013 |
| 3. | ശ്രീ. കെ.എ. ശ്രീക്കുട്ടൻ<br>പി.എച്ച്.സി. കടുങ്ങല്ലൂർ, എറണാകുളം. | ED1/03/15/DHS,<br>Dtd:07/12/2015 |
| 4. | ശ്രീ. അമൽരാജ് പി.ആർ.<br>എഫ്.എച്ച്.സി. കൂനമ്മാവ് എറണാകുളം. | ED1/03/2015/DHS,<br>Dtd:07/12/2015 |
| 5. | ശ്രീ. വിജയകുമാർ ജെ.<br>പി.എച്ച്.സി. വിളവൂർക്കൽ,<br>തിരുവനന്തപുരം. | ED1/03/2015/DHS,<br>Dtd:07/12/2015 |
| 6. | ശ്രീ. രഞ്ജിത് കുമാർ ആർ.<br>സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് & ക്ലിനിക്കൽ ലാബ് . തിരുവനന്തപുരം. | ED1/03/15/DHS,<br>Dtd:17/08/2015 |
| 7. | ശ്രീ. സരുൺ എസ്.ആർ.<br>താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി ആറ്റിങ്ങൽ. തിരുവനന്തപുരം. | ED1/03/2015/DHS,<br>Dtd:30/03/2019 |
| 8. | ശ്രീ. സുഗേഷ് ടി.എം.<br>ഡി.എം.ഒ.(എച്ച്) കോഴിക്കോട് | ED1/03/2017/DHS,<br>Dtd:21/12/2017 |
| 9. | ശ്രീ. സുമിത്ത് സി.കെ.<br>പി.എച്ച്.സി.പുതുപ്പാടി. കോഴിക്കോട് | ED1/03/17/DHS,<br>Dtd:15/04/2017 |
| 10. | ശ്രീമതി. മിനി എം.എസ്.<br>ജില്ലാ ടിബി സെൻ്റർ കോട്ടയം,<br>കോട്ടയം | ED1/03/2015/DHS,<br>Dtd: 13/07/2015 |
| 11. | ശ്രീമതി. ലീബ മേരി ജോസ്<br>ജി.എച്ച്. പാല. കോട്ടയം | ED1/03/2018/DHS,<br>Dtd. 05/11/2018. |

4. മേൽ താൽക്കാലിക തീരുമാനത്തിനെതിരെ ആക്ഷേപമുള്ളപക്ഷം ഈ നോട്ടീസ് ലഭിച്ച് 7 ദിവസത്തിനുള്ളിൽ പ്രസ്തുത ആക്ഷേപം രേഖാമൂലം ബന്ധപ്പെട്ട ഓഫീസ്

I/192041/2024

മേധാവി മുഖേന ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. അല്ലാത്തപക്ഷം അക്ഷേപങ്ങളൊന്നും ഇല്ലെന്ന നിഗമനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

Signed by
Abul Kalam M
Date: 12-04-2024 11:24:27

**Abul Kalam M**

**SENIOR ADMINSTRATIVE OFFICER**

സ്വീകർത്താവ് ,

1. ബന്ധപ്പെട്ട ജീവനക്കാർക്ക് / സ്ഥാപന മേധാവികൾക്ക്
2. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക്

പകർപ്പ്:

1 . ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്.സൈറ്റ്

2 . ഫയൽ/കരുതൽ ഫയൽ